# മലങ്കര സുറിയാനിസഭ

## സമാധാന ശ്രമങ്ങൾ വിജയിപ്പിക്കുവാനുള്ള മാർഗ്ഗമെന്തു്?

★

ദിവ്യശ്രീ മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാർ

കോലഞ്ചേരി

# മലങ്കര സുറിയാനിസഭ

## സമാധാന ശ്രമങ്ങൾ വിജയിപ്പിക്കുവാനുള്ള മാർഗ്ഗമെന്തു്?

ദിവ്യശ്രീ മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാർ
കോലഞ്ചേരി

കുന്നക്കുരുടി ഓർത്തഡോക്സ് കൺവൻഷനിൽ
1958 മാർച്ച് 23-ാംതീയതി ചെയ്ത പ്രസംഗം

# മലങ്കരസഭയിൽ

## സഭാസമാധാനത്തിനുള്ള യഥാർത്ഥ വഴി എന്ത്?

കോതമംഗലം കോളേജിൽ വച്ച് 1958 ഫെബ്രുവരി 27-ാംതീയതി നടന്ന പാത്രിയക്കീസ് പക്ഷത്തെ പള്ളിപ്രതിപുരുഷയോഗത്തിൽ ആ ഭാഗത്തെ മലങ്കര മെത്രാപ്പോലീത്തായായ മാർ ക്ലീമീസ്തിരുമേനിചെയ്ത പ്രസംഗത്തിൽ "മലങ്കര സഭയിൽ ശാശ്വതസമാധാനത്തിനു പരിശുദ്ധ പാത്രിയക്കീസ്ബാവാതിരുമനസ്സുകൊണ്ട് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എന്നും ആവിധം പാത്രിയക്കീസ്ബാവാതന്നെ നേരിട്ട് ക്ലീമീസ്തിരുമേനിയോടു പറഞ്ഞിട്ടുണ്ടെന്നും ഇരുഭാഗക്കാരും സമാധാനത്തിന് യഥാർത്ഥമായി ആഗ്രഹിച്ചു മുന്നോട്ടു ഇറങ്ങുന്നപക്ഷമല്ലാതെ, വൃഥായുള്ള ആലോചനകളും പ്രവർത്തനങ്ങളും നിഷ്ഫലമാണെന്ന് മുൻ ആലോചനകളും മററും നമ്മെ തെളിവായി മനസ്സിലാക്കിയിട്ടുണ്ടെന്നും അതുകൊണ്ടു മറുഭാഗക്കാർ യഥാർത്ഥമായ സമാധാനത്തിന് ആഗ്രഹിക്കുന്നു എങ്കിൽ പരിശുദ്ധ പിതാവ് അതിനു സദാ സന്നദ്ധനാണെന്നു താൻ ഉറപ്പിച്ചുപറഞ്ഞുകൊള്ളട്ടെ" എന്നുമാണ് പ്രസ്താവിച്ചിരിക്കുന്നത്. നമ്മുടെ സഭയോടു വിശ്വാസൈക്യമുള്ള അർമ്മീനിയൻ, എത്തിയോപ്യൻ, അലക്സണ്ട്റിയസ് എന്നീ പൗരസ്ത്യ സഭാവിഭാഗങ്ങൾ തമ്മിൽ കൂടുതൽ സമ്പർക്കത്തിലും സംസ

ഗ്ഗത്തിലും പുരോഗമിക്കേണ്ടതാവശ്യമാണെന്നും നമ്മുടെ സഭയിൽ അരശതാബ്ദമായി നിലവിലിരിക്കുന്ന സമുദായക്കേസ് അവസാനിപ്പിച്ചു. സമാധാനം സ്ഥാപിച്ച് നാം യോജിക്കുകയാണ് ചെയ്യേണ്ടതെന്നും എന്തു ത്യാഗം സഹിച്ചും വലിയ വിലകൊടുത്തും സഭയിൽ സമാധാനം പുനഃസ്ഥാപിക്കേണ്ടതാണെന്നും നാം ഒന്നായിരുന്നു വീണ്ടും ഒന്നായിത്തന്നെ തീരുകയും വേണം എന്നും ഇന്നല്ലെങ്കിൽ നാളെ സമാധാനം ഉണ്ടാകും; ഉണ്ടാകണം എന്നും മററും മററും ഉണർവ്വുള്ള ഇടയനേപ്പോലെ നല്ല നല്ല ആദർശങ്ങളും ഭംഗിയുള്ള അലങ്കാരവചനങ്ങളും കൊണ്ടു ആശയങ്ങളെ മോടിപിടിപ്പിക്കുവാൻ തിരുമേനി വളരെ ശ്രമിച്ചിരിക്കുന്നതായി കാണുന്നു. 1958 ഫെബ്രുവരി 20-ാംനു- മാർ ക്ലീമീസ് തിരുമേനി പീസ്ലീഗിന് കൊടുത്ത മറുപടിയായി 21-2-58-ൽ പ്രസിദ്ധംചെയ്തിരിക്കുന്നത് "സുപ്രധാനമായ ഈ സമാധാനകാര്യം സഹോദരമെത്രാപ്പോലീത്തന്മാരോടും കൂട്ടുട്രസ്റ്റികളോടും, മലങ്കര അസോസിയേഷനോടും കൂടി ആലോചിച്ച് പ്രവർത്തിക്കേണ്ടതു നമ്മുടെ ചുമതലയാണ്. ആ സ്ഥിതിക്ക് നാം തനിയെ ഒരു മറുപടി തരുന്നതു ശരിയായിരിക്കയില്ലാ" എന്നായിരുന്നു. തിരുമേനിയുടെ ഈ പ്രസ്താവന യഥാർത്ഥമോ അതിൽ എന്തെങ്കിലും ആത്മാർത്ഥതയോ ഉണ്ടായിരുന്നു എന്നുവരികിൽ അതു കഴിഞ്ഞ് ഒരാഴ്ചയ്ക്കുശേഷം നടന്ന മേൽപറഞ്ഞ അസോസിയേഷന്റെ പൊതുയോഗത്തിൽ തിരുമേനിയുടെ ഈ മറുപടിയിൽ പറയുന്ന കാര്യം മറക്കമായി



രുന്നില്ല. തിരുമേനി അതു് മറന്നിരുന്നില്ലാ. മറന്നിരുന്നു എങ്കിൽ സമാധാനകാര്യം ഇത്ര അഗാധമായി വിചിന്തനം ചെയ്തു സ്വയം നീതീകരിച്ചുള്ള ഒരു ഉൽബോധനം കൊടുക്കുമായിരുന്നില്ല. പക്ഷെ അസോസിയേഷനോടാലോചിക്കണമെന്ന് തിരുമേനി നിയമാനുസരണം ഒരു മറുപടി പറഞ്ഞു എന്നല്ലാതെ ഇത്രയുമൊക്കെ വിചിന്തനം ചെയ്ത് പരാമർശിച്ച തിരുമേനി എന്തുകൊണ്ട് ആലോചിക്കയൊ അതിനുവേണ്ടി എന്തെങ്കിലും പോംവഴി നിർദ്ദേശിക്കയൊ ചെയ്യാതിരുന്നു എന്നു മനസ്സിലാകുന്നില്ലാ. മാത്രമല്ലാ തിരുമേനിക്ക് ഈ സദുദ്ദേശം ഉണ്ടെന്നു പറഞ്ഞതുപോലെതന്നെ ബ: കോനാട്ട് അബ്രഹാം കത്തനാർ, ബ: നെട്ടന്തള്ളിൽ പൗലോസ് സ്കറിയാകോറെപ്പിസ്കോപ്പാ, കോതമംഗലം ചെറിയപള്ളി വികാരി ബ: മാലിയിൽ ഇസഹാക്കുകത്തനാർ, പീസ്ലീഗുകാർ മുതലായ പലരും സമാധാനകാര്യം നടപ്പിലാക്കുന്ന സംഗതി കോതമംഗലത്തുവച്ച് അടുത്തുകൂടുന്ന പള്ളിപ്രതിപുരുഷയോഗത്തിൽ സർവ്വപ്രധാനമായി ആലോചിക്കണമെന്നുള്ള അത്യാവശ്യത്തെ പല തവണയും വളരെ ശക്തിയായി ഉണർത്തി ഓർമ്മപ്പെടുത്തിയിട്ടുള്ളതുമാണ്. മാർ ക്ലീമീസ് തിരുമേനി പ്രസ്താവിച്ചിട്ടുള്ള വിധം യഥാർത്ഥമായ ആഗ്രഹം ആർക്കെങ്കിലും ഉണ്ടായിരുന്നു എന്നുവരികിൽ-ചുരുങ്ങിയപക്ഷം അതു പ്രസ്താവിച്ച ആ ക്ലീമീസ് തിരുമേനിക്കെങ്കിലും ഉണ്ടായിരുന്നു എന്നുവരികിൽ- അത്രയ്ക്ക് ആവശ്യമായി കരുതിയിരിക്കുന്ന സംഗതി എന്തുകൊണ്ട് ആ തിരുമേനിയെങ്കിലും ആ

ലോചനാവിഷയമാക്കിയില്ല? അദ്ധ്യക്ഷനായ മാർ ക്ലീമീസ് തിരുമേനി ആയതാലോചനാവിഷയമാക്കിയില്ലെന്നു മാത്രമല്ല ആലോചിച്ചുവരേയും അതു വിഷയമാക്കുവാൻ ആ യോഗത്തിൽ ആവശ്യപ്പെട്ടവരേയും അദ്ദേഹം നിഷ്കരുണം തടയുകയാണ് ചെയ്തതെന്നുള്ളതും വളരെ ആശ്ചര്യകരമായ സംഗതിയാകുന്നു. മാത്രമല്ലാ പീസ്‌ലീഗ് വ്യവസ്ഥകൾ അനുസരിച്ച് സഭയിൽ സമാധാനം ഉണ്ടാക്കണം എന്നും മററുമുള്ള വസ്തുതകൾ ഉൾക്കൊള്ളുന്ന ഏതാനും പ്രമേയങ്ങൾ കടമററം ഇടവകക്കാരനും അവിടെ ഒരു പ്രതിനിധിയായി ഹാജരുണ്ടായിരുന്ന ആളുമായ മി. ജെ. കെ. കോര നേരത്തെ അവതരിപ്പിക്കുന്നതിന് അനുവാദം രേഖാമൂലം ചോദിച്ചിരുന്നിട്ടും ആയതു് അനുവദിച്ചില്ല. എന്നുതന്നെയല്ല, മി. കോരയുടെ പ്രസംഗത്തിൽ സമാധാനകാര്യത്തെപ്പററി ശക്തിയായി ഉൽബോധിപ്പിച്ചപ്പോൾ അക്കാര്യം അഭിപ്രായവ്യത്യാസം ഉണ്ടാക്കുന്ന കാര്യമാകയാൽ ഇവിടെ പറഞ്ഞുകൂടാ എന്ന് നിർബ്ബന്ധമായി തടയുകയും ചെയ്തു എന്നുള്ളതു് വളരെ ആക്ഷേപാർഹമാണ്. മാർ ക്ലീമീസുതിരുമേനി ആ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കെ ഇപ്രകാരം സമാധാനകാര്യം ശബ്ദിക്കരുതെന്നു തടഞ്ഞതു് അദ്ദേഹത്തിന്റെ പ്രസംഗത്തിലെ സംഗതികൾക്ക് അശേഷം ആത്മാർത്ഥതയില്ലെന്നും യാഥാർത്ഥ്യമില്ലെന്നും വിളിച്ചറിയിക്കയാണ് ചെയ്തതു്. അദ്ധ്യക്ഷപ്രസംഗത്തിന്റെ മാധുര്യവും ഈ പ്രവൃത്തിയും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടുമെന്നും മാർ ക്ലീ



മ്മീസ് തിരുമേനി എന്തുദ്ദേശത്തിന്മേലാണ് ഈ അഭിനയങ്ങൾ നടത്തുന്നതെന്നും അതു് യഥാർത്ഥമായ ഒരു നടപടിയാണോ എന്നും നന്നായി ആലോചിക്കേണ്ടതുണ്ടു്. മുൻപറഞ്ഞ പീസ്‌ലീഗ് കമ്മററിക്കു മാർ ക്ലീമ്മീസ് തിരുമേനി കൊടുത്ത മറുപടിയിൽ "1955 ഫെബ്രുവരിയിലെ പീസ്‌ലീഗ് വ്യവസ്ഥകൾ പിന്നീട് പരിശുദ്ധ പാത്രിയർക്കീസുബാവായ്ക്കു് സ്വീകാര്യമല്ലാതെയാണല്ലോ അവസാനിച്ചതു്" എന്നും "ആ സ്ഥിതിക്ക് അതേവ്യവസ്ഥകൾ അതേരീതിയിൽ പാത്രിയർക്കീസ് ഭാഗത്തെ മെത്രാപ്പോലീത്തന്മാർ ഇപ്പോഴും സ്വീകരിക്കുന്നുണ്ടോ എന്നു പീസ്‌ലീഗ് കമ്മററിയുടെ ചോദ്യം നിർഭാഗ്യകരമായിപ്പോയി" എന്നും തിരുമേനി അവരോടു് തുടന്നു് കല്പിച്ചതായി കാണുന്നു. ഇതു് വാസ്തവത്തിൽ നിർഭാഗ്യകരംതന്നെയാണ്. പാത്രിയർക്കീസ് ബാവായ്ക്കു് പീസ്‌ലീഗ് മുഖാന്തിരം നടന്ന സമാധാനവ്യവസ്ഥകൾ സമ്മതമായിരുന്നില്ലാ എന്ന് ഇതുവരെ ആ കക്ഷിയിലുള്ള യാതൊരു തിരുമേനിയിൽനിന്നും കേട്ടിരുന്നില്ല.

എന്നാലൊ, കാതോലിക്കാകക്ഷികൾ പുറകോട്ടു മാറിക്കളഞ്ഞു എന്നാണ് ഇതുവരെയുള്ള സകല പ്രസ്താവനകളിലും സംസാരങ്ങളിലും അവർ പറഞ്ഞുകൊണ്ടിരിക്കുന്നതു് എന്നുള്ളതു് എത്രയും പരമാർത്ഥമാണ്. 1955 ഫെബ്രു.വരി 16-ാംനു- ബുധനാഴ്ച അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായും പാത്രിയർക്കീസ് പക്ഷത്തെ മററെല്ലാ മെത്രാപ്പോലീത്തന്മാരും ചിങ്ങവനം ദയറായിൽ

ഒരുമിച്ചു കൂടി ആലോചിച്ചു തീരുമാനിച്ചെഴുതിയുണ്ടാക്കിയ കൽപന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താതിരുമേനി ഒപ്പുവയ്ക്കുകയും, പ്രസ്തുത കല്പനയും കൊണ്ട് മാർ ഗ്രീഗോറിയോസ് മാർക്ലീമീസ് മുതലായ തിരുമേനിമാരും ഡോക്ടർ പി. ററി. തോമ്മസ്, വി. ഒ. മർക്കോസ് മുതലായ നേതാക്കന്മാരും രാത്രി 8 മണിയോടുകൂടി കോട്ടയം കരിശുപള്ളി അങ്കണത്തിലെ ഉപവാസ പന്തലിൽ എത്തിച്ചേരുകയും "രാജിവ്യവസ്ഥകളും സ്വീകരണ നടപടികളും മററും പാത്രിയർക്കീസ് പക്ഷത്തുള്ളവർ പരിപൂർണ്ണമായി സമ്മതിച്ചു സ്വീകരിച്ചിരിക്കുന്നു എന്നും സമാധാനവ്യവസ്ഥകൾ അംഗീകരിച്ചും അവ നടപ്പിൽ വരുത്തുവാൻ പ്രതിനിധിയെ അധികാരപ്പെടുത്തിയും കൊണ്ട് പാത്രിയർക്കീസുബാവായിൽനിന്നുള്ള അനുവാദസന്ദേശം ഇന്നു നാലുമണിക്ക് ലഭിച്ചിട്ടുണ്ട്" എന്നും മററും വിവരിച്ച് ഒരു പ്രസംഗം ചെയ്യുകയും അതുസംബന്ധിച്ചു പാത്രിയർക്കീസുപക്ഷത്തെ പ്രഖ്യാപനം ചെയ്യുന്നതിനായി കൊണ്ടുവന്നിരിക്കുന്നതും അദ്ദേഹം ഒപ്പുവച്ചതുമായ കല്പന ഡോക്ടർ പാലാമ്പടം പി. ററി തോമ്മസ്സിനെക്കൊണ്ടു പന്തലിൽ വായിപ്പിക്കുകയും ചെയ്തു. പ്രസ്തുത കൽപനയിൽ പാത്രിയർക്കീസും കാതോലിക്കായും തമ്മിൽ അന്യോന്യം ഒപ്പിട്ടു കൈമാറുന്ന സ്വീകരണക്കത്തിൻെറ പകർപ്പും വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരുന്നു. മാത്രമല്ല, "നാമേവർക്കും സന്തോഷാവഹവും ചാരിതാർത്ഥ്യജനകവും നമ്മുടെ ഹൃദയാന്തർഭാഗങ്ങളിൽ ആശ്വാസവും ആനന്ദവും ഉളവാക്കുന്നതും നമ്മുടെ സുപ്രതീക്ഷകൾക്ക് പൂർണ്ണസാഫല്യം കൈവരുത്തുന്നതുമായ ഒരു സുപ്രധാന വാർത്തകൂടി അറിയിച്ചുകൊ



ള്ളട്ടെ. അതായതു സമാധാന വ്യവസ്ഥകൾ അംഗീകരിച്ചും അവ നടപ്പിൽ വരുത്തുന്നതിന് ഡലിഗററു തിരുമേനിയെ അധികാരപ്പെടുത്തിയും കൊണ്ടുള്ള വി. അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ തിരുമനസ്സിലെ കേബിൾ സന്ദേശവും ആശീർവാദങ്ങളും ലഭിച്ചിരിക്കുന്ന വിവരം സന്തോഷപുരസ്സരം നാം പ്രസ്താവിച്ചുകൊള്ളുന്നു" എന്നും വ്യക്തമായി എഴുതിയിരുന്നു. ഈ കല്പന മേൽ പ്രകാരം മി: തോമ്മസ് ഉപവാസ പന്തലിൽ വായിക്കുന്നതായും ആ സമയം മാർ ക്ലീമീസ് തിരുമേനി അടുത്തിരിക്കുന്നതായും മററു തിരുമേനിമാരും പ്രധാനന്മാരും അതിനു സാക്ഷ്യം വഹിക്കുന്നതായും മററും കാണിക്കുന്ന ഫോട്ടോ 1955 ഫെബ്രുവരി 19-ാംനു- ശനിയാഴ്ചത്തെ പൌരധ്വനിയുടെ 3-ാം പേജിൽ അച്ചടിച്ച് പരസ്യപ്പെടുത്തിയിരിക്കുന്നതു ഒളിച്ചുവെക്കാവുന്ന ഒരു സംഭവമല്ല. ഇപ്രകാരം യാതൊരു സംശയവും കൂടാതെ പീസ്ലീഗ് വ്യവസ്ഥകൾക്കു പാത്രിയർക്കീസ് പൂർണ്ണ സമ്മതം നൾകിയിട്ടുണ്ടെന്ന് ഇത്ര പരസ്യമായി ഇത്ര വലിയ ജനതാമധ്യത്തിൽ ഗൌരവാവഹമായ സന്ദർഭത്തിൽ വലിയ പ്രാധാന്യം കല്പിച്ച് പരസ്യപ്പെടുത്തിയ ആ സംഭവത്തെ മറച്ചു വെച്ചുകൊണ്ട് "ആ പീസ്ലീഗ് വ്യവസ്ഥകൾ പാത്രിയർക്കീസുബാവാ തിരുമേനിക്ക് സമ്മതമല്ലാരെയാണ് അവസാനിച്ചത്" എന്ന് ഇപ്പോൾ പീസ്ലീഗ്കാരേട്ട് പരസ്യമായി പറയുവാൻ മുതിർന്നതെങ്ങിനെയാണെന്ന് ചിന്തിക്കുമ്പോൾ വളരെ അത്ഭുതം തോന്നിപ്പോകുന്നു. കോതമംഗലം യോഗത്തിൽ

വച്ച് തിരുമേനി ഈ വക പരമസത്യങ്ങൾ അറിഞ്ഞിരുന്നു കൊണ്ട് "മറുഭാഗക്കാർ യഥാർത്ഥമായ സമാധാനത്തിനാഗ്രഹിക്കുന്നു എങ്കിൽ പരിശുദ്ധപാത്രിയർക്കീസുബാവാ അതിനു സദാ സന്നദ്ധനാണെന്ന് ഞാനുറപ്പിച്ചു പറഞ്ഞു കൊള്ളട്ടെ" എന്ന് എന്തിനു വിളിച്ചു പറഞ്ഞു എന്നു മനസ്സിലാകുന്നില്ല. മുൻപറഞ്ഞ പീസ്‌ലീഗ് സമാധാനത്തെപ്പററി, "സമാധാനപുനഃസ്ഥാപനാർത്ഥം ഈ അടുത്തകാലത്ത് ഉണ്ടായ പരിശ്രമങ്ങളും പരിതസ്ഥിതികളും സുവിദിതമാകയാൽ എടുത്തു വിവരിക്കേണ്ടതില്ലല്ലോ" എന്നാണ് തിരുമേനി യോഗത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ഇതിന്റെ യാഥാർത്ഥ്യം എന്താണെന്ന് എന്തുകൊണ്ടു തിരുമേനി ചിന്തിക്കുന്നില്ല? മേൽ പറഞ്ഞ മുൻ പ്രസ്താവനയുടെയും ആ രംഗങ്ങളുടെയും യാഥാർത്ഥ്യമെന്താണ്? ഇപ്പോൾ പറയുന്നതിന്റെ യഥാർത്ഥമെന്താണ്? മേൽപ്രകാരം ഇരുഭാഗക്കാരും സമ്മതിച്ച് രൂപവൽകരിച്ച വ്യവസ്ഥകളും സ്വീകരണ പരിപാടികളും നടപ്പിൽ വരുത്തുവാനായി അന്യോന്യം ഒപ്പിട്ടു കൈമാറുന്ന സന്ദർഭം വന്നപ്പോൾ രാജിഹർജി, സ്വീകരണക്കത്തു മുതലായ എല്ലാ സംഗതിയും അന്യോന്യം സമ്മതമുണ്ടായിരുന്നപ്രകാരം പരിശുദ്ധ കാതോലിക്കാബാവാ ഒപ്പിട്ട് മൂന്നാം സ്ഥാനത്തേൽപ്പിച്ചു. പാത്രിയർക്കീസു പക്ഷത്തെ ട്രസ്റ്റിയും അതേ സംഗതി അതേവിധം ഒപ്പിട്ട് വേറെ മൂന്നാംസ്ഥാനത്തേൽപ്പിച്ചു. പിന്നീടു പാത്രിയർക്കീസിന്റെ ഒപ്പ് വച്ചരേഖയാണ് ശേഷിച്ചത്. പാത്രിയർക്കീസ് സമ്മതിച്ചിരിക്കുന്നതാ



യി മേൽപ്രകാരം പ്രസിദ്ധീകരിച്ച സംഗതിക്കു ഒപ്പ് വച്ചു കിട്ടാൻ താമസം നേരിട്ടപ്പോൾ ആ സംഗതി ആ ഭാഗത്തെ തടസ്സം കൊണ്ടല്ലാ ആയതും കാതോലിക്കാകക്ഷിയുടെ എന്തൊ തടസ്സം കൊണ്ടാണെന്ന് സ്ഥാപിച്ച് ആ കക്ഷിയെ കുററപ്പെടുത്തി പിന്മാറുവാൻ ഒരു കുറുക്കുവഴി കണ്ടുപിടിക്കയാണ് പാത്രിയർക്കീസു കക്ഷികൾ ചെയ്തതു്. അതായതു ഒരു നിവേദക സംഘം പാത്രിയർക്കീസിന്റെ ഒപ്പിട്ട രേഖവാങ്ങിപ്പാനായി 3000 രൂപാ ചിലവുചെയ്തും അനവധി ക്ലേശങ്ങൾ സഹിച്ചും ഹോംസിലേക്കു യാത്രതിരിക്കുവാൻ നിശ്ചയിച്ചിരിക്കയാണെന്നും അതിനു വേണ്ടി ഒരുങ്ങുകയാണെന്നും പരസ്യപ്പെടുത്തുകയും അങ്ങനെ പോയി ഒപ്പിടുവിച്ച് കാര്യം സാധിച്ചുമടങ്ങിയെത്തിയാൽ അപ്പഴത്തേക്കും കാതോലിക്കാക്കക്ഷി ആയതു സമ്മതമല്ലെന്നു വച്ചു പിന്മാറിപ്പോകുന്നപക്ഷം പ്രസ്തുത നിവേദകസംഘത്തിന്റെ വ്യയവും ക്ലേശവും പാഴായിപ്പോകുമല്ലൊ എന്നും അങ്ങിനെ പാഴാകാതെ സംഗതി നടപ്പിൽ വരുത്തിക്കൊള്ളാമെന്ന് കാതോലിക്കാകക്ഷിയുടെ തക്കതായ ഉറപ്പ് ലഭിക്കണമെന്നും അങ്ങിനെ ഒരു ഉറപ്പുകിട്ടാത്തപക്ഷം ഒപ്പ് മേടിക്കാൻ പോകുന്നതിനു തയ്യാറില്ലെന്നും അവർ കാതോലിക്കാകക്ഷിയെ അറിയിച്ചു. യഥാർത്ഥത്തിൽ 3000 രൂപാ ചിലവിടാനാകട്ടെ, ശീമയാത്രചെയ്യാനാകട്ടെ ആർക്കും യാതൊരു ഒരുക്കവുമില്ലായിരുന്നു. അങ്ങിനെ പോയി സംഗതി സാധിക്കാമെന്നു അവർക്കു വിശ്വാസവുമില്ലായിരുന്നു. എങ്കിലും കാതോലിക്കാകക്ഷി ഉറപ്പുതരാഞ്ഞി

ട്ടാണ് ഇതു സാധിക്കാതെ പോകുന്നതെന്നുള്ള ഒരുവലിയ അപരാധം ആ ഭാഗത്തേക്ക ചുമത്തുവാൻ അവർ ഇതു മൂലം വളരെ പരിശ്രമിച്ചു എന്നാൽ അതു സംബന്ധിച്ച് പീസ്‌ലീഗ് പ്രസിഡണ്ടിന് 26-3-55-ൽ താഴെപറയുന്നവിധം ഒരുഫോൺ സന്ദേശം ഞാൻ നല്കി. "നിവേദകസംഘം ഒപ്പിട്ടരേഖ പാത്രിയക്കീസിൽ നിന്നു വാങ്ങികൊണ്ടുവരുവാനുള്ള യാത്രക്ക് 3000രൂപാ ചിലവും അനവധി ക്ലേശവും വഹിക്കുവാൻ ഒരുങ്ങുന്നുണ്ട്. അല്ലെ? അപ്പോൾ അതിൻപ്രകാരം അതു സാധിച്ചു കിട്ടിയാൽ അതിനുവേണ്ടി വരുന്ന വ്യയവും ക്ലേശവും പാഴാകാതെ സംഗതി നടപ്പിൽ വരുത്തുവാൻ കാതോലിക്കാകക്ഷിയുടെ ഉറപ്പു ലഭിക്കണമെന്നാണ് നിർബ്ബന്ധം, അല്ലെ? അങ്ങിനെയെങ്കിൽ ആ ക്ലേശവും വ്യയവും വഹിച്ചാൽ പാത്രിയക്കീസുഭാഗത്തു നിന്നും പാത്രിയക്കീസിൻെറ ഒപ്പിട്ടരേഖ മേൽപ്രകാരം കിട്ടുമെന്നോ, കിട്ടിയാൽ തന്നെ അതിൻപ്രകാരം ആ കക്ഷിക്ക കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ മററുതടസ്സങ്ങളൊന്നും ഉണ്ടാകയില്ലെന്നൊ എന്തെങ്കിലും ഉറപ്പ് കിട്ടിയിട്ടുണ്ടോ? അങ്ങിനെയൊരു ഉറപ്പിന് ആ കക്ഷിയോടാവശ്യപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ആവശ്യപ്പെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ആ സംഗതി സംബന്ധിച്ച് നിവേദകസംഘത്തിൻെറ അഭിപ്രായമെന്താണ്? പീസ്‌ലീഗിൻെറ സമാധാന വ്യവസ്ഥകളും സ്വീകരണ പരിപാടികളും രാജിഹർജിയുകൾ എല്ലാം പാത്രിയക്കീസു കക്ഷികൾ മുമ്പ് ചാടി സമ്മതിച്ചതു് എന്തുദ്ദേശത്തിന്മേലായിരുന്നു?..........അതുപോലെത



ന്നെ ഹോംസിനു പോകുന്ന നിവേദകസംഘവും. സാധുക്കളെ കബളിപ്പിക്കാൻ വേണ്ടിമാത്രം ഹോംസിനു പോകുന്നു എന്നും 3000 രൂപാ ചിലവിടുന്നു വെന്നും ഒക്കെ പ്രഖ്യാപിച്ചതല്ലയൊ? കാര്യത്തിലേക്ക പ്രവേശിക്കുമെന്നുള്ളിടത്തോളം എത്തിയപ്പോൾ ചിലവിടാൻ പണമാരും എടുക്കാനുണ്ടാകയില്ലെന്നും പോകാൻ ആരും തയ്യാറില്ലെന്നും, പണമെടുക്കുകയും പോകയും ചെയ്താൽതന്നെ അവിടെ ചെന്നാൽ കാര്യനടപ്പുണ്ടാകയില്ലെന്നും അവൎക്ക് ബോദ്ധ്യമായി. അപ്പോൾ കാര്യം പരുങ്ങലിലായി. ഇനിയും അതിനും കാതോലിക്കാകക്ഷിയുടെ തലയിൽ കുററം വച്ചുകൊടുത്ത ച്ച് പിന്മാറണമെന്നായി ആലോചന. അങ്ങിനെ ഒടുവിൽ, അതിനും ഒരു പോംവഴി കണ്ടുപിടിച്ചു. അതിനാണ് ഉറപ്പു്;-തക്കതായ ഉറപ്പു്;-മുമ്പ് ചോദിക്കാത്തതും കിട്ടാത്തതുമായ ഉറപ്പ്-ഇപ്പോൾ ചോദിച്ചുകളയാമെന്നും ആ ഉറപ്പു കിട്ടാഞ്ഞിട്ടാണ് നിവേദകസംഘം പോകാത്തതെന്നും പറഞ്ഞു രക്ഷപെടാനാണ് ഈ വാദം ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നതു് എന്ന് പ്രത്യക്ഷമാണല്ലൊ. കാതോലിക്കാബാവാ, പാത്രിയക്കീസിനുള്ള സ്വീകരണത്തിൽ ഒപ്പിട്ടു മൂന്നാമനെയേല്പിച്ചതു് എതിർകക്ഷികളിൽ നിന്ന് എന്തു രേഖയും എന്തു ഉറപ്പും വാങ്ങിച്ചുകൊണ്ടായിരുന്നു? ഒന്നും ഇല്ലായിരുന്നുവല്ലൊ. ആ സ്ഥിതിക്ക ഇപ്പോൾ കാതോലിയ്ക്കാക്കുള്ള സ്വീകരണകത്തിനു പാത്രിയക്കീസിൻെറ ഒപ്പു ലഭിക്കുന്നതിന് കാതോലിക്കാബാവായിൽനിന്നൊ ആ കക്ഷിയിൽനിന്നൊ മതിയായ ഉറപ്പു കിട്ടണമെ

ന്നാവശ്യപ്പെടുന്നതിന്റെ ആവശ്യവും ഔചിത്യവും എന്താണെന്നു മനസ്സിലാകുന്നില്ല" എന്നിപ്രകാരമായിരുന്നു എന്റെ സന്ദേശം. സാവകാശത്തിൽ മറുപടി അയച്ചു. തന്നുകൊള്ളാമെന്നു മാത്രമാണ് ഇതിനു മറുപടി കിട്ടിയിട്ടുള്ളത്. ഈ സംഗതിയിൽ കാതോലിക്കാകക്ഷി യഥാർത്ഥമായി സമാധാനകാര്യത്തിനു ആഗ്രഹിക്കുന്നില്ലെന്നു പറയുവാനും പാത്രിയക്കീസുസഭാ തയ്യാറാണെന്നു പറയുവാനും തിരുമേനി തയ്യാറാകുന്നതിന്റെ ഉദ്ദേശം എന്താണെന്നു മനസ്സിലാകുന്നില്ല.

പാത്രിയർക്കീസുപക്ഷത്തെ മാർ ഗ്രീഗോറിയോസുതിരുമേനി സമാധാനവ്യവസ്ഥകളും സ്വീകരണപരിപാടികളും മറ്റും പാത്രിയക്കീസ്. സമ്മതിച്ചു സ്വീകരിച്ചിരിക്കുന്നതായി പാത്രിയക്കീസിന്റെ സന്ദേശവും ആശീർവാദവും ലഭിച്ചിരിക്കുന്നതായി വളരെ വ്യക്തമായി സമ്മതിച്ചു രേഖ പരസ്യപ്പെടുത്തുന്നു. ക്ലീമ്മീസുതിരുമേനി ആ പ്രസിദ്ധീകരണത്തിന് സാക്ഷ്യം വഹിച്ച ആളായിരുന്നിട്ടും പാത്രിയക്കീസ് ആയതു സമ്മതിച്ചിരുന്നില്ലാ എന്നും യഥാർത്ഥമായി മറുഭാഗക്കാർ സമാധാനത്തിന് ആഗ്രഹിക്കുന്നു എങ്കിൽ പരിശുദ്ധ പാത്രിയക്കീസ് എപ്പോഴും അതിന് തയ്യാറാണെന്ന് ഉറപ്പുപറയുകയും ചെയ്യുന്നു. കാതോലിക്കാകക്ഷികൾ യഥാർത്ഥമായി ആഗ്രഹിക്കാഞ്ഞിട്ടാണോ പാത്രിയക്കീസുകക്ഷികൾ സമ്മതിച്ചു സ്വീകരണപരിപാടികളും അവർ സമ്മതിച്ച രാജിഹർജിയും



അതേപടി സ്വീകരിച്ചതും സകലവും ഒപ്പിട്ട് മൂന്നാമനെ ഏല്പിച്ചതുമെന്ന് എന്തുകൊണ്ടു ചിന്തിക്കുന്നില്ല? സമാധാനത്തിന് യഥാർത്ഥത്തിൽ ആഗ്രഹമില്ലാത്തതുകൊണ്ടാണോ പാത്രിയക്കീസുകക്ഷികൾ സമ്മതിച്ചു സ്വീകരിച്ച കാര്യങ്ങൾ അതേപടി കാതോലിക്കാകക്ഷികൾ സ്വീകരിച്ചത് എന്നും തങ്ങൾ സ്വീകരിച്ച കാര്യങ്ങൾ അതേപടി മറുഭാഗക്കാർ സ്വീകരിച്ച് ഒപ്പുവച്ച് വാഗ്ദാനം നിറവേറ്റിയപ്പോൾ ആദ്യസമ്മതത്തിൽ നിന്ന് മുൻപറഞ്ഞ വിധം ഉറപ്പില്ലെന്നും മറ്റും വൃഥാ പഴിപറഞ്ഞു പിന്മാറിയത് സമാധാനത്തിന് യഥാർത്ഥ ആഗ്രഹമുണ്ടായിട്ടാണോ എന്നും നന്നായി ചിന്തിച്ചു നോക്കാത്തത് വളരെ നിർഭാഗ്യകരമാകുന്നു. മാർ ക്ലീമ്മീസ് തിരുമേനി ഇപ്രകാരം സത്യാവസ്ഥ വെളിപ്പെടുത്താതെ യഥാർത്ഥമല്ലാത്തകാര്യങ്ങൾ ഭംഗിയായ വാചകങ്ങളിലും വാക്കുകളിലും നിരത്തിവയ്ക്കുന്നതു തന്റെ സ്ഥാനത്തിന്റെ മാഹാത്മ്യത്തെ ബഹുമാനിക്കാത്തതുകൊണ്ടാണെന്ന് പറയാതെ നിവൃത്തിയില്ല.

മമ്മചികിത്സയിൽ വിദഗ്ദ്ധനായ ഒരു വൈദ്യൻ ഒരു രോഗിക്ക് നീരിന് ചികിത്സിക്കുവാൻ വന്നു. നീര് അപകടസ്ഥാനത്താകകൊണ്ട് അതു പൊട്ടിക്കുന്നതു അബദ്ധമാണെന്ന് വൈദ്യൻ അഭിപ്രായപ്പെടുകയും ഇത്ര സമയംകൊണ്ട് ഔഷധപ്രയോഗംമൂലം പൊട്ടാതെ നേർക്കി ഭേദമാക്കാമെന്നും വൈദ്യന്റെ നോട്ടത്തിൽത്തന്നെ ഇരിക്കണമെന്നുംവെച്ച് രോഗിയുടെവീട്ടിൽ താമസിച്ചു ചികിത്സ ആരംഭിക്കയും ചെ

യ്യു. പെട്ടെന്ന് അരച്ചെടുക്കേണ്ട ഒരു യോഗം കുറിച്ചു കൊടുത്തിട്ട് മരുന്നുകൾ എല്ലാംകൂടി വെണ്ണപോലെ അരച്ചുകൊണ്ടുവരണമെന്നു പറയുകയും ചതുരംഗംകളിയിൽ വാസനയുണ്ടായിരുന്ന അദ്ദേഹം നേരംപോക്കിന് ചതുരംഗം തുടങ്ങുകയും ചെയ്തു. രോഗിയുടെ ആളുകൾ ധൃതിയിൽ മരുന്നുകൾ ശേഖരിച്ച് അരച്ചുകൊണ്ടുവന്നു വൈദ്യൻ പരിശോധിച്ചിട്ട് അരച്ചതു നന്നായില്ലാ, നല്ല വെണ്ണപോലെ അരയ്ക്കണമെന്നു ഉറപ്പിച്ചുപറഞ്ഞു. അവർ അതും വീണ്ടും വീണ്ടും പലപ്രാവശ്യം അരച്ച് വെണ്ണപോലെയാക്കി വൈദ്യന്റെ അടുക്കൽ കാണിച്ചു. എന്നാൽ വൈദ്യന് തൃപ്തിയായില്ല. പിന്നെയും വൈദ്യൻ മരുന്നു തൊട്ടുനോക്കിയിട്ട് ശരിയായില്ല, നല്ല വെണ്ണപോലെ അരച്ചെടുക്കണമെന്ന് ശാസിച്ചുപറഞ്ഞു. അപ്പോൾ വൈദ്യന് ചതുരംഗംകളിയിലുള്ള ശ്രദ്ധകൊണ്ടാണിപ്രകാരം തള്ളുന്നതെന്നുംതങ്ങളുടെ ജോലി ശരിയായിട്ടുണ്ടെന്നും തിരിച്ചറിഞ്ഞ രോഗിയുടെ ശുശ്രൂഷക്കാർ ഒടുവിൽ അരച്ച മരുന്നിന്റെ സ്ഥാനത്ത് അത്രയും നല്ല വെണ്ണതന്നെ കൊണ്ടുചെന്നു വൈദ്യനെ കാണിച്ചുകൊണ്ട് ഇപ്പോൾ പാകമായോ എന്നു നോക്കാൻപറഞ്ഞു. വൈദ്യനാകട്ടെ, ചതുരംഗ കളത്തിൽനിന്ന് കണ്ണുപറിക്കാതെ മരുന്ന് തൊട്ടുനോക്കിയിട്ട് ദേഷ്യപ്പെട്ടുകൊണ്ട് "ആയില്ലാ, നല്ല വെണ്ണപോലെ അരയ്ക്കണമെന്നല്ലേ പറഞ്ഞതു്" എന്ന് ഗർജ്ജിക്കുകയാണുചെയ്തതു്. അപ്പോൾ രോഗിയുടെ ആളുകൾക്കുണ്ടായ വിഷമതയും അവിടെ നടന്ന സംഭവവും ഇവി



ടെ വിവരിക്കേണ്ട ആവശ്യമില്ലെന്നിരുന്നാലും അതുപോലെയുള്ള ഒരു സംഭവമാണ്, പാത്രിയർക്കീസുകക്ഷികളും പാത്രിയർക്കീസും സമ്മതിച്ചു സ്വീകരിച്ച സംഗതികൾ അതേപടി കാതോലിക്കാകക്ഷികൾ സ്വീകരിച്ചിട്ടും ഇനിയും കാതോലിക്കാകക്ഷികൾ യഥാർത്ഥമായി സമാധാനത്തിനു ആഗ്രഹിക്കുന്നു എങ്കിൽ പാത്രിയർക്കീസ് സമ്മതിക്കാൻ സദാ സന്നദ്ധനാണെന്നും യഥാർത്ഥമല്ലാത്ത നടപടിയും പ്രകടനവുമാണ് കാതോലിക്കാകക്ഷികൾ നടത്തുന്നതെന്നു വൃഥാ പഴി പറഞ്ഞ് സ്വയം നീതീകരിക്കുന്നതെന്നും പാത്രിയർക്കീസുപക്ഷക്കാർ തിരിച്ചറിയേണ്ടതാവശ്യമാണെന്നു മാത്രം പറഞ്ഞുകൊള്ളട്ടെ.

ഇനിയും മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ തിരുമേനി പാത്രിയർക്കാ തിരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും സംബന്ധിപ്പാനും മററുമായി ശീമയാത്ര ചെയ്ത അവസരത്തിലുണ്ടായിട്ടുള്ള സംഭവങ്ങളിലേയ്ക്കും നമുക്ക് ഒന്നു തിരിഞ്ഞുനോക്കാം.

1957 ഒക്ടോബർ 1—ാംനു- നടത്തുവാൻ നിശ്ചയിച്ചിരുന്ന പാത്രിയർക്കാതിരഞ്ഞെടുപ്പിനും മററുംസംബന്ധിക്കുവാനായി നി. വ. ദി. ശ്രീ മാർ ക്ലീമ്മീസു മെത്രാപ്പോലീത്താ തിരുമേനി മലങ്കരയിൽനിന്ന് സെപ്റ്റംബർ 24-ാം തീയതിയോടുകൂടി ഹോംസിൽ എത്തിച്ചേർന്നു. തിരഞ്ഞെടുപ്പിനു നിശ്ചയിച്ചിരുന്ന ഒക്ടോബർ 1—ാംതീയതി, തിരഞ്ഞെടുപ്പുകാര്യത്തിൽ എന്തെങ്കിലും നടന്നതായി മൂന്നുനാലുദിവസം കഴിഞ്ഞിട്ടും യാതൊരു വിവരവും ഒരുത്തർക്കും ലഭിച്ചിരു

നില്ല. അതിനാൽ ഹോംസിലേയ്ക്കു് "റിപ്ലൈഡ് പെയ്ഡ്" ആയി മാർ ക്ലീമ്മീസ് തിരുമേനിയുടെ പേക്ക് കമ്പി അടിച്ചു ചോദിച്ചു എങ്കിലും ആയതിന് യാതൊരു മറുപടിയും ലഭിച്ചില്ല. അങ്ങിനെ എല്ലാവരും ഉൽക്കണ്ഠാഭരിതരായിരിക്കെ മാർ ക്ലീമ്മീസു തിരുമേനി ഒക്ടോബര 1-ാംതീയതി ബയറൂട്ടിൽനിന്നും അയച്ചുകൊടുത്തതായി പറയപ്പെടുന്ന ഒരെഴുത്തിൽ പാത്രിയക്കാതിരഞ്ഞെടുപ്പ് മാററിവച്ചിരിക്കുന്നു എന്നും ഗൌരവമായ പല കാര്യങ്ങളെപ്പററിയുള്ള ആലോചനകൾ നടത്തേണ്ടതുകൊണ്ടാണ് തിരഞ്ഞെടുപ്പ് തീയതി മാററിവച്ചിരിക്കുന്നതെന്നും അങ്ങിനെയുള്ള ഗൌരവമേറിയ ആ വിഷയങ്ങളിൽ മലങ്കര സഭാസമാധാനം പ്രഥമസ്ഥാനം അർഹിക്കുന്നു എന്നുമാണ് പ്രസ്താവിച്ചിരുന്നത്. മലങ്കര സഭയുടെ സമാധാനകാര്യത്തിൽ ശീമയിലുള്ള എല്ലാവരും അത്യാകാംക്ഷയാണ് കാണിക്കുന്നതെന്നും തിരുമേനി എഴുതിയിരുന്നു. വളരെ ആശാവഹവും സന്തോഷകരവുമായ ഒരു സന്ദേശമാണ് മാർ ക്ലീമ്മീസ് തിരുമേനിയുടെ ഈ കത്തു വിളിച്ചറിയിച്ചതു്. ഇപ്രകാരം മലങ്കരസഭയുടെ സമാധാനകാര്യം കൈവരുന്ന സുദിനത്തെ പരമാർത്ഥികളായ അനേകരും അക്ഷമരായി അത്യാശയോടെ നോക്കിപ്പാർത്തിരിക്കവെ 'അന്ത്യോഖ്യാ പാത്രിയക്കീസായി യാക്കോബ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ തിരഞ്ഞെടുത്തിരിക്കുന്നതായി ഡോക്ടർ പാലാമ്പടം പി. ററി. തോമ്മസ്സിന് കമ്പി കിട്ടിയിരിക്കുന്നു' എന്നുള്ള പത്ര



വാർത്തയാണ് ഒക്ടോബർ 16-ാംതീയതി പെട്ടെന്നു പ്രസിദ്ധപ്പെടുത്തി കണ്ടതു്. മുൻപറഞ്ഞവിധത്തിൽ പ്രതീക്ഷിച്ചിരുന്നതുപോലെ പാത്രിയക്കാതിരഞ്ഞെടുപ്പ് മാററിവയ്ക്കത്തക്ക പ്രാധാന്യം ശീമയിലെ സുന്നഹദോസുപോലും കല്പിച്ചുകൊടുത്തിരുന്ന ആ അതിപ്രധാനമായ വൻകാര്യങ്ങളിൽ പ്രഥമമാണെന്ന് പ്രകടിപ്പിച്ചിരുന്ന മലങ്കര സഭാസമാധാനകാര്യത്തെപ്പററി എന്തെങ്കിലും കാര്യം ആ വാർത്തയോടു ചേർത്തുകാണുമായിരിക്കുമെന്ന് ധരിച്ച് ഞാൻ ആ പത്രത്തിൽ എല്ലായിടത്തും പെട്ടെന്ന് ഒന്നു കണ്ണോടിച്ചുനോക്കി. എന്നാൽ അതുസംബന്ധിച്ച് ഒരക്ഷരംപോലും ഒരു സ്ഥലത്തും ഞാൻ കണ്ടില്ല. അതുപോലെതന്നെ മലങ്കര സഭയിലെ സമാധാനത്തിനാഗ്രഹമുള്ള അനേകരും കക്ഷിഭേദമെന്യേ ആ സുവിശേഷവാർത്ത എന്തെന്ന് തിരഞ്ഞുനോക്കി എന്നെപ്പോലെ നിരാശപ്പെട്ടു കാണുമെന്ന് ഞാൻ കരുതുന്നു പരമരക്ഷകനായ മ്ശീഹാതമ്പുരാൻപോലും അകലത്തിൽ ഇലകൾകൊണ്ടു് തഴച്ചുനിന്ന അത്തിവൃക്ഷത്തിൽ പഴങ്ങളുടെ കാലമായില്ലെന്ന് അറിയാമായിരുന്നിട്ടും വല്ലതും ഭക്ഷിപ്പാൻ കാണുമെന്നുവെച്ച് നോക്കിപ്പോയല്ലൊ. സമാധാന സംഗതിയിൽ ഇവിടെ നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ ഒളിച്ചുകളി ഈവിധമാണെന്ന് മുൻ അനുഭവങ്ങൾ കൊണ്ടുപലപ്രകാരത്തിലും വെളിപ്പെട്ടിട്ടുള്ളതാണ്. മലങ്കര സഭയ്ക്കു് ആ വേളയിൽ ഇവിടത്തെ സമാധാനകാര്യത്തേക്കാൾ പ്രധാനമായ യാതൊരു സംഗതിയും വിഷയമല്ലാതിരിക്കെ മലങ്കര സഭയെ അറിയിക്കുവാൻ

അത്യാവശ്യമായിരുന്നകാൎയ്യവും അതുതന്നെയാണെന്നു് ഇവിടെയുള്ളവൎക്കും ശീമക്കാൎക്കും ഇവിടത്തെ പ്രാതിനിധ്യം വഹിച്ചുപോയിരിക്കുന്ന മാർ ക്ലീമ്മീസ് തിരുമേനിക്കും നല്ലതുപോലെ അറിയാവുന്നതുകൊണ്ടാണു് ആദ്യമേതന്നെ ആ സംഗതിക്കു് വലിയ പ്രാധാന്യം പ്രകടിപ്പിച്ചു് എഴുതിയിരുന്നതെന്നുള്ളതിനു് പക്ഷാന്തരത്തിന വകയില്ല. പീസ്‌ലീഗ് മുഖാന്തിരം നടത്തിയ സമാധാനപരിശ്രമത്തിൽ ഉണ്ടായിട്ടുള്ള ഒളിച്ചുകളി മുൻ പ്രസ്താവിച്ച വിധം ഏറെക്കുറെ നാം മനസ്സിലാക്കിയതാണല്ലോ. പാത്രിയൎക്കാതിരഞ്ഞെടുപ്പിന്റെ വിവരം ഗ്രഹിച്ച അന്നേദിവസം ആലുവാ തൃക്കുന്നത്തു് സിമ്മനാരിയിൽനിന്നു് നി. വ. ദി. ശ്രീ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്, തിരഞ്ഞെടുക്കപ്പെട്ട പാത്രിയൎക്കീസിന്റെ സ്ഥാനലബ്ധിയിൽ അനുമോദനം എല്ലാ പള്ളിക്കാരും അയച്ചുകൊടുക്കണമെന്നും മലങ്കരസഭയിൽ എത്രയുംവേഗം സമാധാനം കൈവരുത്തുവാൻ പുതിയ പാത്രിയൎക്കീസിനു സന്മനസ്സുണ്ടാകുവാൻ ദൈവത്തോടു് പ്രാൎത്ഥിക്കണമെന്നും ഉൽബോധിപ്പിച്ചിരിക്കുന്നു. സമാധാനകാൎയ്യത്തെപ്പറ്റി അത്യാകാംക്ഷയോടെ നോക്കിപ്പാൎത്തിരുന്നിട്ടു്, തിരഞ്ഞെടുപ്പുകഴിഞ്ഞു എന്നറിഞ്ഞിട്ടും അക്കാൎയ്യത്തിൽ ഒരു സൂചനപോലും ഇല്ലാതെ വന്നതിനാൽ തിരഞ്ഞെടുക്കപ്പെട്ട പാത്രിയൎക്കീസിനു് സമാധാനകാൎയ്യത്തിൽ എന്തെങ്കിലും പ്രവൎത്തിക്കാൻ തക്ക സന്മനസ്സ് മേലാൽ എങ്കിലും ഉണ്ടാകുവാൻ നാം ദൈവത്തോടു പ്രാൎത്ഥിക്കണ



മെന്നു മാത്രമെ അദ്ദേഹവും എഴുതുന്നുള്ളു. ഇതുവരെ ഒന്നും പ്രവൎത്തിച്ചതായി അറിയാത്തതിൽ അദ്ദേഹവും ഇതുമൂലം വളരെ കുണ്ഠിതപ്പെടുന്നതായി പ്രസ്തുത കല്പന വെളിവാക്കിയിരിക്കുന്നു. എന്നാൽ പിന്നീടു് നവംബർ 1-ാംതീയതി ചിങ്ങവനത്തുനിന്നും ക്നാനായ ഭദ്രാസന സെക്രട്ടറി അയച്ചുകൊടുത്തതും അദ്ദേഹത്തിനു് മാർ ക്ലീമ്മീസുതിരുമേനി ഹോംസിൽനിന്നയച്ചതുമായ എഴുത്തിൽ സമാധാനകാൎയ്യം സംബന്ധിച്ചു് ചില സംഗതികൾ എഴുതിയിരിക്കുന്നു. ഒക്ടോബർ 3-ാംതീയതിമുതൽ 14-ാംതീയതിവരെ തുടൎച്ചയായി സഭയുടെ ആകമാന സുന്നഹദോസു കൂടി എന്നും ദിവസവും പല പ്രധാന കാൎയ്യങ്ങളും ആലോചിച്ചു തീരുമാനിച്ചു എന്നും സഭയുടെ പൊതുക്കാൎയ്യങ്ങളെപ്പറ്റിയും വിശിഷ്യ മലങ്കര സഭാകാൎയ്യങ്ങളെ സംബന്ധിച്ചും പ്രാധാന്യമൎഹിക്കുന്ന പല ചൎച്ചകൾ നടന്നു എന്നും അതിൽ പറഞ്ഞിരിക്കുന്നു. പിന്നീടു് പതിന്നാലാംതീയതി തിങ്കളാഴ്ച പാത്രിയൎക്കാതിരഞ്ഞെടുപ്പു് നടത്തിയെന്നും 27-ാംതീയതി സ്ഥാനാരോഹണം നടന്നു എന്നും ആ എഴുത്തിൽ വിവരിച്ചിട്ടുണ്ടു്: എന്നാൽ ആ എഴുത്തിന്റെ ഒടുവിലത്തെ ഭാഗത്തു സമാധാനകാൎയ്യത്തിൽ ആകമാനസുന്നഹദോസിനു് വളരെ താൽപൎയ്യമുണ്ടു് എന്നും രണ്ടുഭാഗക്കാരും കൂടി യോജിച്ചു് അയച്ചുതരുന്ന വ്യവസ്ഥ സ്വീകരിക്കപ്പെടുമെന്നു് വിശ്വസിക്കാമെന്നുമാണു് എഴുതിയിരിക്കുന്നതു്. പാത്രിയൎക്കാതിരഞ്ഞെടുപ്പു മാറ്റി വച്ചതു തന്നെ ഗൗരവാവഹമായ പല പ്രധാന കാൎയ്യങ്ങളും

തീരുമാനിക്കാനായിട്ടാണെന്നും അതിൽ ഏററവും പ്രധാനപ്പെട്ട കാര്യം മലങ്കരസഭയുടെ സമാധാനകാര്യമാണെന്നും തിരുമേനി ആദ്യമേ എഴുതിയിരുന്ന സ്ഥിതിക്ക് അത്രത്തോളം വലിയ പ്രാധാന്യം അതിനുണ്ടായിരുന്നു എന്നുള്ളതു് യഥാർത്ഥമാണെങ്കിൽ, ആകമാനസുന്നഹദോസ് അതിനുവേണ്ടി വി. കുർബ്ബാനയോടുകൂടി പതിനൊന്നുദിവസം തുടർച്ചയായി പരിശ്രമിച്ചു് ചർച്ചകൾ നടത്തിയെങ്കിൽ-അത്രത്തോളം അതിപ്രധാനമായ ശ്രദ്ധ ആത്മീയമായി അവർ അതിൽ ചെലുത്തി എങ്കിൽ-ആ സുന്നഹദോസ് തീർച്ചയായും ഒരു തീരുമാനത്തിൽ എത്തിച്ചേരുമായിരുന്നു. പാവനമായ ആ ആകമാന സുന്നഹദോസ് ഒരു തീരുമാനം ചെയ്തുകഴിഞ്ഞാൽ പിന്നെ അതു പ്രഖ്യാപിക്കുകയല്ലാതെ അതായതു് അതു നടപ്പിൽ വരുത്തുകയല്ലാതെ പിന്നെയെന്താണു് ചെയ്യുവാനുള്ളതു്? അത്രയും പുരോഗമിച്ച സംഗതിക്കു് ഇനിയും ഇരുഭാഗക്കാരും കൂടി യോജിച്ചു് അയച്ചുതരുന്ന വ്യവസ്ഥ സ്വീകരിക്കപ്പെടുമെന്നു് വിശ്വസിക്കാമെന്നുമാത്രമെ മാർ ക്ലീമ്മീസ് തിരുമേനി ഇങ്ങോട്ടു എഴുതുന്നുള്ളു. ഇതെന്തു വിചിത്രമാണ്. ഇരുഭാഗക്കാരുമെന്നതു മലങ്കസഭയിലെ കാതോലിക്കാകക്ഷിയും പാത്രിയർക്കീസുകക്ഷിയുമെന്നാണല്ലൊ ഉദ്ദേശിച്ചിരിക്കുന്നതു്. മാർ ക്ലീമ്മീസ് തിരുമേനിയെപ്പോലെയുള്ള പരമയോഗ്യനും നിഷ്പക്ഷവാദിയുമായ ഒരു സഭാമേലദ്ധ്യക്ഷൻ ഇപ്രകാരം ഒന്നും അറിയാത്ത ആളെപ്പോലെ നടിക്കുന്നതായി തോന്നിപ്പിക്കുന്നതു് വളരെ ആശ്ചര്യ



കരമാണ്. മലങ്കരസഭയിൽ പീസ്ലീഗ് മുഖാന്തിരം ശക്തിയായ ഒരു രാജി പരിശ്രമം നടക്കുകയും പടിപടിയായി അതു ഒരവസാനത്തിൽ ചെന്നുചേരുകയും രണ്ടുകക്ഷികളും പരിപൂർണ്ണമായി സമ്മതം കൊടുക്കുകയും ഒടുവിൽ അതു് സിംഹാസനത്തിലേയ്ക്കയച്ചു് പാത്രിയർക്കീസ് അനുവദിക്കുകയും ആ വിവരം ഇവിടെ പരസ്യപ്പെടുത്തുകയും അവസാനമായി, സമ്മതിച്ചിരിക്കുന്നകാര്യം പാത്രിയർക്കീസ് ഒപ്പുവച്ചു കൊടുക്കുന്ന സംഗതിയിൽ മാത്രം ആ ഭാഗക്കാർ പുറകോട്ടു മാറുകയുമാണുചെയ്തതെന്നു് അനിഷേധ്യമായി തെളിഞ്ഞിട്ടുണ്ടു്. ഒപ്പുവച്ചുകൊള്ളാമെന്നുള്ളതു് ആദ്യവ്യവസ്ഥയിൽ ഉൾക്കൊള്ളിച്ചിരുന്നതും ആ അടിസ്ഥാനത്തിൽ ആലോചന പുരോഗമിച്ചിട്ടുള്ളതുമാണെന്നുള്ള വസ്തുത നാം നല്ലതുപോലെ ഓർത്തിരിക്കേണ്ടതാണ്. പീസ്ലീഗ് സമാധാനവ്യവസ്ഥ ആദ്യം പാത്രിയർക്കീസുകക്ഷി സമ്മതിക്കുകയും പിന്നീടു് ആയതു് കാതോലിക്കാകക്ഷികൾ സ്വീകരിക്കുകയുമാണ് ചെയ്തതു്. സ്വീകരണപരിപാടി, രാജിഹർജിക്കാര്യം മുതലായ എല്ലാ ചടങ്ങുകളും മുന്നമെ പാത്രിയർക്കീസ് പക്ഷക്കാർ സമ്മതിക്കുകയും പിന്നീടു് കാതോലിക്കാകക്ഷികൾ അതേപടി അവ സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളതു്. ഒടുവിൽ പാത്രിയർക്കീസിന്റെ അനുമതിമാത്രമാണ് ശേഷിച്ചതു്. ആയതും വന്നുചേർന്നു എന്നു് പാത്രിയർക്കീസുപക്ഷത്തെ എല്ലാ മെത്രാന്മാരും ചേർന്നുള്ള സദസ്സിൽ പരസ്യമായി പ്രഖ്യാപിക്കുകയും ആ വിധം രേഖപ്പെടുത്തിയ

കല്പന മാർ ഗ്രീഗോറിയോസു തിരുമേനി മററെല്ലാമെത്രാന്മാരുടെയും വിശിഷ്യ പ്രതിനിധി മാർ യൂലിയോസിൻെറയും സമ്മതത്തോടും ആലോചനയോടും കൂടി പരസ്യപ്പെടുത്തുകയുമാണല്ലൊ ചെയ്തതു്. അതിൽ കൂടുതലായി ഇനി ഇരുഭാഗക്കാരും എങ്ങിനെയാണു് യോജിക്കുകയെന്നു് ആ വക എല്ലാചടങ്ങുകളിലും പരിപൂർണ്ണമായി സഹകരിച്ചു് സജീവപ്രവൎത്തനങ്ങളിൽ ഭാഗഭാക്കായിരുന്ന മാർ ക്ളീമ്മീസു തിരുമേനി ഓർമ്മിക്കാത്തതു വളരെ ആശ്ചര്യകരമായിരിക്കുന്നു.

മാർ അപ്രേം സേവേറിയോസ് പാത്രിയക്കീസ ബാവാ തിരുമേനിയെതിരഞ്ഞെടുത്ത അവസരത്തിൽ മാർ ഗീവറുഗീസു ദീവന്നാസിയോസ തിരുമേനി, അദ്ദേഹത്തിനും മററു മെത്രാപ്പോലീത്തന്മാൎക്കും എഴുതിയിരുന്ന എഴുത്തിൽ മലങ്കരസഭയുടെ എല്ലാവിവരങ്ങളും ശീമയിലെ സ്ഥിതിഗതികളും ഇരുഭാഗത്തുമായി അവിടെയും ഇവിടെയും ഉള്ള സ്ഥലങ്ങളുടേയും ആളുകളുടേയും കാര്യങ്ങളും വിവരിക്കുന്ന കൂട്ടത്തിൽ സമാധാനത്തിനുള്ള ചില നിർദ്ദേശങ്ങൾ അദ്ദേഹം കൊടുത്തിരുന്നു. അന്നു് അദ്ദേഹത്തിൻെറ എഴുത്തിൽ ആവശ്യപ്പെട്ടിരുന്ന കാൎയ്യങ്ങൾ അവർ ഗണ്യമാക്കിയില്ലെങ്കിലും അതിലെ സംഗതികൾ അക്ഷരംപ്രതി ഇന്നു സംഭവിച്ചിരിക്കുന്നു. അദ്ദേഹം ആ എഴുത്തിൽ വിവരിക്കുന്ന ഇവിടുത്തെ സ്ഥിതിഗതികൾ ശരിയാണൊ എന്നന്വേഷിക്കുവാൻ ശീമയിൽനിന്നു സത്യസന്ധന്മാരടങ്ങിയ ഒരു ഡെപ്യൂട്ടേഷനെ മലങ്കരയിലേക്കയക്കണമെന്നാണു് ആ എഴുത്തിൽ അദ്ദേഹം പ്രത്യേകം



ആവശ്യപ്പെട്ടിരുന്നതു്. അന്നു് ആവിധം ഒരു ഡെപ്യൂട്ടേഷനെ അയച്ചില്ലെങ്കിലും അതിൽ ആവശ്യപ്പെട്ടിരുന്നതുപോലെയും അതിനേക്കാൾ വിലയേറിയതുമായ ഒരു റിപ്പോർട്ടു് ഇപ്പോൾ അവിടെ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു് എന്നുള്ളതു് എത്രയും പരമാൎത്ഥമാണു്. അതായതു്, വിശ്വസ്തന്മാരും സത്യവാന്മാരുമായി, ഒരു മേല്പട്ടക്കാരനും ഒരു അന്മേനിയും കൂടിയുള്ള മൂന്നുപേരടങ്ങിയ ഒരു ഡെപ്യൂട്ടേഷനെ മലങ്കരയ്ക്കയച്ചു് അവരുടെ റിപ്പോർട്ടു വരുത്തണമെന്നായിരുന്നു നിർദ്ദേശം. അതിൽപ്പിന്നെ വന്ദ്യനായ അബ്ദൽആഹാദ് റമ്പാച്ചൻ മലങ്കരസഭയിൽവന്നു് പതിനൊന്നുവർഷം ഇവിടെ താമസിച്ചു് ഇവിടത്തെ ഇരുഭാഗത്തെയും സംഗതികൾ നന്നായി പഠിച്ചു് മനസ്സിലാക്കിയശേഷം ശീമയിലേക്കു മടങ്ങിപ്പോയിട്ടുള്ളതു്. പിന്നീടു് അദ്ദേഹം സ്ഥാനമേററു മെത്രാനായിത്തീരുകയും ഒടുവിൽ ഇപ്പോൾ അദ്ദേഹം പാത്രിയക്കീസായി ഉയൎത്തപ്പെടുകയും ചെയ്തിരിക്കുന്നു. ആയതിനാൽ അതിൽ കൂടുതൽ വിലയുള്ളതും വിശ്വസനീയവുമായ ഒരു റിപ്പോർട്ടു് മലങ്കരസഭയെസംബന്ധിച്ചു് പാത്രിയക്കീസിൻെറ സിംഹാസനത്തിങ്കലേക്കു് കിട്ടുവാൻ എങ്ങനെ സാധിക്കുമെന്നു് ഓൎത്തുകാണേണ്ടതാണു്. ഇപ്രകാരം മാർ ഗീവറുഗീസ് ദിവന്നാസിയോസിൻെറ അഭീഷ്ടം ദൈവഗത്യാ സാധിക്കയാകുന്നു ചെയ്തിരിക്കുന്നതു്. അതായതു് മലങ്കരസഭയിലെ എല്ലാ സ്ഥിതിഗതികളും പാത്രിയക്കീസബാവായുടെ സിംഹാസനത്തിങ്കൽ അറിയപ്പെടാതിരിക്കുന്നു എന്നുള്ള വലിയകുറവു് ഇതിനാൽ

പരിപൂർണ്ണമായി പരിഹരിക്കപ്പെട്ടിരിക്കുന്നു. ശീമയിലെ സ്ഥിതിഗതികൾ പാത്രിയർക്കീസ് കക്ഷികൾ നേരിട്ടറിഞ്ഞുകൊണ്ടിരിക്കുന്നതാകയാൽ ആയതിനു പ്രത്യേകം സാക്ഷ്യം ആവശ്യമില്ലാത്തതാണ്. എന്നിരുന്നാലും തുർക്കികളുടെ ഉപദ്രവംനിമിത്തം മാർ ഏലിയാസ് പാത്രിയർക്കീസ് ബാവാ തിരുമേനി കുറുക്കുമാദയറാ വിട്ടുപോരുകയും കുറേനാൾ യറുശലേമിലും പിന്നീട് മൂസലിയും താമസിച്ചു എങ്കിലും ഒടുവിൽ കുറുക്കുമാദയറായിലേക്കു പ്രവേശിക്കുവാൻ സാദ്ധ്യമല്ലെന്നു ബോദ്ധ്യമായപ്പോൾ ഹോംസിൽ സ്ഥിരതാമസം ഉറപ്പിക്കയുമാണല്ലോ ചെയ്തതു്. ഇറാക്കിന്റെ ഭരണം ഫെയിസൽ എന്ന അറബിരാജാവിനെയും അദ്ദേഹത്തിന്റെ ഗവർമ്മെന്റിനെയും ഭരമേല്പിച്ചുകൊണ്ട് ബ്രിട്ടീഷുകാർ പിന്മാറുവാൻ തുടങ്ങിയപ്പോൾ ബ്രിട്ടന്റെ സംരക്ഷണ വിട്ടുപോകുന്നപക്ഷം ക്രിസ്ത്യാനികൾക്ക് വന്നുകൂടാവുന്ന ഞെരുക്കവും അസമത്വം അനുഭവിപ്പാനുള്ള പ്രയാസത്തെ ഭയന്നു് ജനീവായിലെ സർവ്വരാജ്യസഖ്യ കോടതിമുമ്പാകെ ക്രിസ്ത്യാനികൾ ഒരു ഹർജി സമർപ്പിച്ചു. ആ ഹർജിയിൽ മാർ ഏലിയാസ് പാത്രിയർക്കീസ് ബാവാതിരുമേനിക്ക് അനുഭവിക്കേണ്ടിവന്ന പീഡയും ഞെരുക്കങ്ങളും മററും വിവരിച്ചിട്ടുണ്ടായിരുന്നു. പാത്രിയർക്കീസ് ഇപ്രകാരം വന്നു് യെറുശലേമിൽ താമസിക്കുമ്പോൾ പാത്രിയർക്കാ അരമന യെറുശലേമിൽ ആക്കിക്കളയാമെന്നു കരുതി മെത്രാന്മാരുടെ ഒരു സുന്നഹദോസ് കൂട്ടുവാൻ ശ്രമിച്ചു എങ്കിലും തുർക്കിരാജ്യത്തുള്ള മെത്രാ-



ന്മാരെ അവിടെ നിന്നു പുറത്തുപോകുവാൻ ഗവർമ്മെന്റു അന്നു അനുവദിക്കായ്കയാൽ ആ സുന്നഹദോസ് നടത്തുവാൻ പോലും കഴിഞ്ഞില്ല. മാത്രമല്ലാ തുർക്കിയിലെ സുറിയാനിക്കാർക്കുണ്ടായിരുന്ന "മില്ലെററു" സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിക്കളകയും ചെയ്തു. അങ്ങനെ വന്നപ്പോൾ ആ ന്യൂനസമുദായവുമായിനടത്തേണ്ട എഴുത്തുകുത്തുകൾക്കും മററിടപാടുകൾക്കുംവേണ്ടി ഒരു ചുമതലക്കാരൻ വേണമെന്നുള്ള അത്യാവശ്യം മൂലം തുർക്കിയിലുള്ള മെത്രാന്മാർ മാത്രം ചേർന്നു ഒരു യോഗം കൂടി സീനിയർ മെത്രാനെകായിമഖാൻ കാര്യസ്ഥനാക്കി നിയമിക്കുകയും സാക്ഷാൽ പാത്രിയർക്കീസിനു തുർക്കിയിൽ പ്രവേശിപ്പാൻ നിവൃത്തിയില്ലാഞ്ഞതിനാൽ വേറൊരു പാത്രിയർക്കീസിനെ തന്നെ വാഴിക്കാൻ നിശ്ചയിക്കയും ചെയ്തു. പക്ഷെ ആ സ്ഥാനപ്പേരുകൊണ്ട് മുമ്പ് തുർക്കിയിലുണ്ടായിരുന്ന അധികാരാവകാശങ്ങൾ ഒന്നും ആധുനിക തുർക്കി വകവെക്കാതിരുന്ന കാരണത്താൽ മാത്രം വേറൊരു പാത്രിയർക്കീസിനെ തുർക്കിയിൽ അന്നുവാഴിക്കാതിരുന്നിട്ടുള്ളതുമാണ്. ഗവർമ്മെൻറു് ഭരണം പരിഷ്കരിച്ച് സ്വാതന്ത്ര്യകാംക്ഷ പുരോഗമിച്ച് വന്നിരുന്ന അക്കാലത്തെ തുർക്കിയിലെ സ്ഥിതിഗതികൾ ഇത്രമാത്രം അസ്ഥിരവും അപകടകരവുമായിരുന്നെങ്കിൽ സ്വേഛാധിപതിയായി വിഹരിച്ച തുർക്കിസുൽത്താന്റെ കാലത്തു മാർ അബ്ദുൽ മ്ശീഹാ പാത്രിയർക്കീസിനു, രാജാവിന്റെ അപ്രീതിമൂലം സംഭവിച്ചിട്ടുള്ള നഷ്ടങ്ങളും അസ്വാതന്ത്ര്യവും നമുക്ക് ഊഹിക്കാവുന്നതാണല്ലോ. അതിനെലാക്കാക്കിസിം

ഹാസനത്തിൽ കയറിയിരിക്കുവാൻ ഇടയായിത്തീർന്ന മാർ അബ്ദുള്ളാപാത്രിയക്കീസിന്റെ പ്രവൃത്തികളും സഭയിലെ വിനാശ സംഭവങ്ങളും അനുഭവങ്ങളും ഇവിടെ വിവരിക്കേണ്ടതായ ആവശ്യമില്ല.

* * * * *

ഈവക എല്ലാ പരമ സത്യങ്ങളും നന്നായി ഗ്രഹിച്ചിട്ടുള്ള ആളുകൾ, - ആത്മീയമേലദ്ധ്യക്ഷന്മാർ- ആകമാനസുന്നഹദോസ് പതിനൊന്നുദിവസം തുടർച്ചയായി വി. കുർബ്ബാനയോടുകൂടി നടത്തിയിട്ടും ഒരു തീരുമാനത്തിൽ എത്തിയിട്ടില്ലെന്നാണല്ലൊ വന്നുകൂടിയിരിക്കുന്നതു്. അവരെന്തു തീരുമാനിക്കാനാണു്? ആർക്കു് എന്തുതീരുമാനിക്കുവാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു. സത്യം സമ്മതിക്കണം. കുററം സമ്മതിച്ചാൽ സമ്മതിച്ച കുററത്തിൽനിന്നു പിൻവാങ്ങണം അപ്പോൾ മാത്രമെ ആയതു ആത്മീയമാകയൊ ക്രിസ്തീയമാകയൊ ചെയ്യുകയുള്ളു.

മാർ ഗീവറുഗീസ് ദീവന്നാസിയോസ് തിരുമേനി സമാധാനത്തിനു കഴിവതു ചെയ്തു. വാർദ്ധക്യത്തിന്റെ ആധിക്യത്തെയൊ സുഖക്കേടിന്റെ വിഷമത്തെയൊ, കണ്ണുകളുടെ കാഴ്ചക്കുറവിനെയൊ അശേഷവും വകവെയ്ക്കാതെ ഭാഗ്യവാനായ ആ തിരുമേനി ഒടുവിൽ ശീമയാത്ര ചെയ്യുകയും മാർ ഏലിയാസുപാത്രിയക്കീസിനെ മറദീനിൽ ചെന്നുകണ്ടു് സമാധാനപരമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു. മാർ ദീവന്നാസിയോസ് തിരുമേനിയുടെമേ-



ക്കു് അബ്ദുള്ളാ പാത്രിയർക്കീസ് അയച്ച മുടക്കിന്റെയും അനന്തരസംഭവങ്ങളുടേയും യഥാർത്ഥ വിവരം ഗ്രഹിച്ചപ്പോൾ യാതൊരു ദുരുദ്ദേശവും ഇല്ലാതിരുന്ന നിഷ്കളങ്കനായ മാർ ഏലിയാസ് പാത്രിയക്കീസു ബാവാ തിരുമേനി പ്രസ്തുത മുടക്കു റദ്ദുചെയ്യുകയും വിലയേറിയ ഒരു സ്വർണ്ണമുദ്രയും മാലയും സ്നേഹത്തിന്റെ സൂചകമായി മാർ ദീവന്നാസിയോസിനു സമ്മാനിക്കുകയും ചെയ്തു. അപരിരുവരും ഒന്നുചേർന്നു നൂതനമായി വാഴിച്ച മാർ യൂലിയോസ് മെത്രാനെ ആവശ്യമുള്ള കല്പനകളും നിർദ്ദേശങ്ങളും കൊടുത്തു് മാർ ദീവന്നാസിയോസിനോടൊരുമിച്ചു് മലങ്കരയിലേയ്ക്കയയ്ക്കുകയും ചെയ്തു എന്നാൽ മുൻപറഞ്ഞവിധമുള്ള ദുരഭിമാനംമൂലം ആവേശംപൂണ്ടു കുണ്ഠിതപ്പെട്ട പാർശ്വവർത്തികളുടെ അഭീഷ്ടത്തിനു് മാർ യൂലിയോസ് കീഴ്പെട്ടുപോയി. ഏതായാലും മാർ ഏലിയാസ് പാത്രിയക്കീസു ബാവാ തിരുമേനി മലങ്കര സന്ദർശിച്ചു വയോധികനും ഉത്തമ ഇടയനുമായ മലങ്കരയുടെ മാർഗീവറുഗീസ് ദീവന്നാസിയോസ് തിരുമേനിയോടു് പെരുമാറിയ അപമര്യാദയ്ക്കും നേരുകേടിനും ശേഷം പെട്ടന്നു് തുർക്കിയിൽ പാത്രിയക്കീസിനു നേരിട്ട അനിഷ്ട സംഭവങ്ങളേയും അത്യാപത്തുകളേയും സിംഹാസന നഷ്ടത്തേയും പററി സാക്ഷാൽ നിഷ്കളങ്കനായിരുന്ന മാർ ഏലിയാസ് പാത്രിയക്കീസ് ബാവാതിരുമേനിയ്ക്കു വലുതായ കുണ്ഠിതമുണ്ടായിരുന്നു. അദ്ദേഹം അതുകളുടെ ശരിയായ വശം നന്നായി തിരിച്ചറിഞ്ഞിട്ടുമുണ്ടായിരുന്നു. അതിനാൽ

മാർ ഗീവറുഗീസുദീവന്നാസിയോസിനെ കണ്ടമാത്രയിൽ തന്നെ യാതൊരു ഭാവഭേദവും കൂടാതെ പാത്രിയക്കീസ് ഹാർദ്ദമായി സ്വീകരിക്കുകയും മുൻകഴിഞ്ഞ വിധം തന്നെ വളരെ സന്തോഷമായി പെരുമാറുകയും കഠിനവിരോധത്തിൽ കഴിഞ്ഞുകൂടിയിരുന്ന മാർഅത്താനാസിയോസ് മാർ യൂലിയോസ് മുതലായ എതിർ വശത്തെ എല്ലാമേൽപ്പട്ടക്കാരോടും തന്റെ മുൻപിൽ വച്ച് ആ നിമിഷത്തിൽ തന്നെ ആ പുണ്യപിതാവിനെ ആലിംഗനം ചെയ്തു ചുംബിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഭാഗ്യവാനും നിഷ്കളങ്കനുമായ ആ വന്ദ്യ തിരുമേനിയെ അകാരണമായി നിന്ദിക്കയും അപഹസിക്കയും ചെയ്തുപോയതിനെക്കുറിച്ച് മാർമീഖായേൽ മെത്രാപ്പോലീത്താ തിരുമേനി അത്യന്തം വ്യാകുലപ്പെടുകയും തന്റെ ഗുരുവും പിതാവുമായ ആ പുണ്യദേഹത്തെ ഇപ്രകാരം ചുംബിക്കുവാൻ അടുത്തുചെന്നപ്പോൾ പൊട്ടിക്കരഞ്ഞുപോകയും ചെയ്ത ആ രംഗം എത്രയും ഹൃദയസ്പൃക്കായിരുന്നു. മാർ ഗീവറുഗീസ് ദീവന്നാസിയോസ് തിരുമേനിയുടെ നിഷ്കളങ്കമായ പെരുമാററങ്ങളും ശീമയാത്രാ സംഭവങ്ങളും അതിനെതിരായി എതൃകക്ഷികൾ നടത്തിയ എല്ലാ നടപടികളും സംബന്ധിച്ചുള്ള ഉള്ളുകള്ളികൾ ആ രംഗം പ്രത്യക്ഷപ്പെടുത്തി. എന്നാൽ പ്രസ്തുതസംഭവം നിമിത്തം വെളിപ്പെട്ട കൃത്രിമങ്ങളെ മൂടിവെക്കുവാൻ വ്യാകുലപ്പെട്ടുകൊണ്ട് മുൻ വിവരിച്ച വിധം ദുരഭിമാനത്തെ ഭയന്ന് വശായ പിന്നണിയിലെ കൂട്ടം അടുത്തുകൂടി മാർ ഏലിയാസ് പാത്രിയക്കീസിന്റെ പരിപാവനമായ ആ നടപടിയെ അധികം താമസിയാതെ എതിരായി തിരിച്ചു വിടുകയും ആകസ്മികമായി ചെയ്തുപോയ



ആ അബദ്ധം പരിഹരിക്കുവാൻ വേണ്ടി മാർ ഗീവറുദീവന്നാസിയോസ് അനുതപിച്ചുവന്നതിനാൽ മുടക്കു തീർത്തു എന്നും മററും വിവരിക്കുന്ന ഒരു രേഖ പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ ബുദ്ധിപൂർവ്വമുണ്ടാക്കിയ ആരേഖ തന്നെയും തങ്ങൾ വിചാരിക്കാത്ത വിധത്തിൽ മറെറാരബദ്ധത്തിനിടയാക്കിത്തീർത്തു പോയി എന്നുള്ള ആപത്തിനെ ഒഴിച്ചുവെക്കുവാൻ വേണ്ടി മാർ ഗീവറുഗീസുദീവന്നാസിയോസിനെ വീണ്ടും മുടക്കുവാൻ പരിശ്രമങ്ങൾ തുടരുകയും ഇരുവശത്തേക്കുമുള്ള ഈ വിപരീതമത്സരത്തിൽ പരമാർത്ഥിയായ പാത്രിയക്കീസ് കുഴങ്ങുകയും നിഷ്കളങ്കമായി തുടങ്ങിയ രാജിആലോചന അതോടുകൂടി തകരുകയും വ്യാകുലതയോടെ ആ പരിശുദ്ധ പിതാവ് പെട്ടെന്ന് കാലംചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. പിന്നീടു നടത്തിട്ടുള്ള എല്ലാ സമാധാന പരിശ്രമങ്ങളിലും, സംഗതികളിലും കൃസ്തീയമായി അടുക്കുവാൻ തീരുമാനിച്ചു കഴിഞ്ഞാൽ അടുത്ത നിമിഷം തന്നെ എന്തെങ്കിലും ഒരുഉപായം കണ്ടുപിടിച്ച് തടസ്സങ്ങളുണ്ടാക്കിത്തീർക്കുമെന്നുള്ളതു് പതിവായി തീർന്നു; കാതോലിക്കാ സ്ഥാപനം ശരിയല്ലെന്നും അതു സ്ഥാപിച്ചതായ അബ്ദേദ്മ്ശീഹാ പാത്രിയക്കീസിനെ മുടക്കിയിട്ടുണ്ടെന്നും മുടക്കിയാലും ഇല്ലെങ്കിലും അദ്ദേഹം മലയാളത്തു വന്നിട്ടേയില്ലെന്നും അതുപോലെ തന്നെ മാർതോമ്മാശ്ലീഹാ ഇൻഡ്യയിൽ ഒരു സഭ സ്ഥാപിച്ചിട്ടില്ലെന്നും ഇൻഡ്യയിൽ അദ്ദേഹം വന്നിട്ടുപോലുമില്ലെന്നും പാത്രിയക്കീസിനു പാപ്പായെപ്പോലെ

പരമാധികാരവും അപ്രമാദിത്വവും ഉണ്ടെന്നും മററും പ്രചരണം നടത്തി. സഭയുടെ സമാധാന കാര്യത്തിൽ ഏററവും പ്രധാനമായ സംഗതി പാത്രിയർക്കീസിനു മലങ്കര സഭ മേലുള്ള ഭരണത്തിന്റെ കാര്യമാണ്. അതേ സംബന്ധിച്ച് സംക്ഷിപ്തമായി മാർ ഗീവർഗീസ് ദീവന്നാസിയോസ് തിരുമേനി മുൻ വിവരിച്ചിട്ടുള്ള അതിപ്രധാനമായ എഴുത്തിൽ സൂചിപ്പിച്ചിരിക്കുന്നു. "പാത്രിയർക്കീസിനു നേരിട്ടുള്ള ഭരണം മലങ്കരസഭമേൽ മുൻകാലത്തുണ്ടായിരുന്നില്ല. അടുത്തുകാലത്തു അതിനു ചെയ്ത ശ്രമം ഫലിച്ചില്ല. ഇതുവരെ പാത്രിയർക്കീസിന്റെ സേഛാപ്രഭുത്വത്തിനു ഇരയായി നിൽക്കുന്ന ഞങ്ങൾ മേലാൽ ആ ശ്രമത്തെ സമ്മതിക്കയുമില്ലാ." എന്നാണ് അദ്ദേഹം ആ എഴുത്തിൽ വിവരിച്ചിരിക്കുന്നത്. ആയതു വളരെ അർത്ഥവത്തായ സംഗതിയും ആയതിന്റെ സാരാംശം ഏതു സമാധാനപരിശ്രമത്തിലും പാലിക്കപ്പെടേണ്ടതും അതിനെതിരായ ഒരു പരിപാടി ഒരു കാലത്തും ഇനി നടപ്പിൽ വരുന്നതല്ലാത്തതുമാണ്. അതിനാൽ കാലസ്ഥിതി അനുസരിച്ച് പൂർവ്വീക ആചാരങ്ങളേയും സത്യവിശ്വാസത്തേയും പാലിച്ചു കൊണ്ടുള്ള പരിപൂർണ്ണ സമാധാനം കൈവരുത്തുവാൻ നിഷ്കളങ്കമായി എല്ലാവരും പരിശ്രമിക്കണമെന്നും സമാധാനത്തിനു യഥാർത്ഥമായ ആഗ്രഹം ഇന്നതാണെന്നു ദൃഷ്ടാന്തയോഗ്യമായി കാണിച്ചു കൊടുക്കണമെന്നും അങ്ങിനെ സഭയിൽ ശാശ്വത സമാധാനം നടപ്പിൽ വരുത്തണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

---

**Printed at the P. C. Press, Kottayam. 1958.**